'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ ഒമ്പതാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് ജനറൽ കൺവീനർ
10-12-2007



# ഏകദൈവ വിശ്വാസം

'ലാ ഇലാഹ ഇല്ലല്ലാഹ്. ' ഇതാണ് ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറ. മനുഷ്യാരംഭം മുതൽ എല്ലാ പ്രവാചകൻമാരും ജനങ്ങളോട് ഉദ്ബോധിപ്പിച്ച മൗലികമായ കാര്യവും ഇതു തന്നെയായിരുന്നു. എന്താണിതിന്റെ ആശയം? നമുക്ക് പരിശോധിക്കാം.

'അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ല' എന്നാണ് 'ലാ ഇലാഹ ഇല്ലല്ലാഹ് ' എന്നതിന്റെ അർഥം. 'ആരാധന അർപ്പിക്കപ്പെടുന്നത്' എന്നാണ് ദൈവം(ഇലാഹ്) എന്ന പദത്തിന്റെ വിവക്ഷ. ഒരാൾ മുസ്‌ലിമായിത്തീരാനുള്ള രണ്ടു സാക്ഷ്യ വചനങ്ങളുടെ പൂർവാർധമായ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഒന്ന്: മനുഷ്യൻ ആരാധിച്ചുപോരുന്ന എല്ലാ ദൈവങ്ങളെയും നിഷേധിക്കുന്നു (ലാ ഇലാഹ). രണ്ട്: അല്ലാഹു മാത്രമാണ് ദൈവം (ഇല്ലല്ലാഹ്) എന്നു സ്ഥാപിക്കുന്നു.

ആരാധിക്കപ്പെടുന്നവനാണ് ദൈവം. എന്താണ് ആരാധന? ആരാധനയുടെ മജ്ജ പ്രാർഥനയാണ്. അഥവാ പ്രാർഥന തന്നെയാണ് ആരാധന. അപ്പോൾ പ്രാർഥിക്കപ്പെടുവാൻ അർഹതയുള്ളവനായി ആരുമില്ല , ഒന്നുമില്ല ; അല്ലാഹുവല്ലാതെ. ആരാണ് അല്ലാഹു? പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായ ആരാധ്യനായ ദൈവത്തെ കുറിക്കുന്ന അറബി പദമാണ് അല്ലാഹു.

മുസ്‌ലിംകൾ എന്നറിയപ്പെടുന്ന ഒരു ജന വിഭാഗത്തിന്റെ 'കുലദൈവ'മാണ് അല്ലാഹു എന്ന് പലരും തെറ്റിദ്ധരിച്ചതുപോലെ തോന്നുന്നു. അമുസ്‌ലിംകൾ മാത്രമല്ല, തങ്ങൾ മുസ്‌ലിംകളാണെന്നു പറയുന്നവരിൽ ഒരു വലിയ വിഭാഗവും അങ്ങനെ ധരിച്ചുവശായിരിക്കുകയാണ്. എന്നാൽ ദൃശ്യ പ്രപഞ്ചത്തെയും അതിനപ്പുറത്തുള്ളതിനെയുമെല്ലാം ശൂന്യതയിൽ നിന്ന് സൃഷ്ടിച്ച് നിലനിൽപ്പ് നൽകി പരിപാലിച്ച് അനുക്രമം വളർത്തിക്കൊണ്ടുവരുന്ന സർവശക്തനും സർവജ്ഞനുമായ പ്രപഞ്ചകർത്താവാണ് അല്ലാഹു. ഏതെങ്കിലും ഭാഷക്കാരുടെയോ വർഗക്കാരുടെയോ രാജ്യക്കാരുടെയോ സ്വന്തമല്ല. എല്ലാവരുടെയും യഥാർഥ ദൈവം അവൻ മാത്രമാണ്.

ഓ മൈ ഗോഡ്, ഈശ്വരാ, ഖുദാ ഹാഫിസ് എന്നൊക്കെ പറയുമ്പോൾ ഏതു വിഭാഗത്തിൽപ്പെട്ട മനുഷ്യരും ഉദ്ദേശിക്കുന്നത് പ്രപഞ്ചകർത്താവായ അല്ലാഹുവിനെയാണ്. എല്ലാ മനുഷ്യ മനസ്സുകളിൽ നിന്നും പ്രകൃത്യാ ഉണ്ടാകുന്ന പ്രാർഥനകൾ ഉയരുന്നത് അവങ്കലേക്കാണ്. ആ പ്രാർഥനയാണല്ലോ ആരാധനയുടെ മർമം. എന്താണ് പ്രാർഥനകൊണ്ടുദ്ദേശിക്കുന്നത്? മനുഷ്യർക്ക് തങ്ങളുടെ അറിവും കഴിവും ഉപയോഗിച്ച് പരസ്പരം ചെയ്തുകൊടുക്കുവാൻ സാധ്യമല്ലാത്ത കാര്യങ്ങളിൽ അഭൗതികമായ രീതിയിൽ സഹായം തേടുകയോ ഉപദ്രവം തടയാൻ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ് പ്രാർഥന എന്ന് സാമാന്യമായി പറയാം.

ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഒരു കർഷകന്ന് തന്റെ കാർഷികവൃത്തിക്കാവശ്യമായ ഒരുപാട് സഹായങ്ങൾ വേണ്ടതുണ്ട്. സ്ഥലം, ജലസേചന സൗകര്യം, വിത്ത്, വളം, നിലം ഉഴാൻ സൗകര്യം, പണം, മുതലിറക്കാൻ സാമ്പത്തിക സഹായം, സഹായത്തിന് മനുഷ്യശേഷി ഈ ആവശ്യങ്ങൾക്കുവേണ്ടി എവിടെനിന്നെല്ലാം സഹായം തേടാമെന്ന് മനുഷ്യന്നറിയാം. അത് യഥാവിധി ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. മേൽ പറഞ്ഞ സൗകര്യങ്ങളെല്ലാം ഒത്തു ചേർന്നുവെന്നിരിക്കട്ടെ. മഴ ഇല്ലാതായി. കടുത്ത വരൾച്ച. മനുഷ്യനും ജന്തുക്കളും കഷ്ടപ്പെടുന്നു. മഴയെന്ന മഹാ അനുഗ്രഹത്തിന് വേണ്ടി എവിടെ അപേക്ഷിക്കണം? ഏതു വാതിലിൽ മുട്ടണം? പ്രപഞ്ച കർത്താവിനോട് ചോദിക്കുകയല്ലാതെ മാർഗമില്ല. ഈ ചോദ്യവും തേട്ടവും ഇത്തരം സങ്കീർണാവസ്ഥയിൽ മനസ്സിലുണ്ടാകുന്ന പ്രാർഥനയും അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ; അതുകൊണ്ടു മാത്രമേ പ്രയോജനമുള്ളൂ. ഇതാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ പൊരുൾ. ഇതാണ് തൗഹീദ്.

'പ്രാർഥനക്കർഹനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല' എന്ന ഇസ്‌ലാമിന്റെ ലളിതമായ പ്രതിജ്ഞാ വാക്യം മനുഷ്യ പ്രകൃതിക്ക് അനുയോജ്യമാണ്. മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. ബുദ്ധിക്ക് പൂർണമായി യോജിക്കുന്നതുമാണ്. കാലദേശ ഭേദങ്ങൾക്കനുസരിച്ചു മാറുന്ന ഒരാശയമല്ല ഇത്. എന്നിട്ടും ഇത് മനസ്സിലാക്കുന്നതിലും ഉൾക്കൊള്ളുന്നതിലും മനുഷ്യൻ വീഴ്ച വരുത്തി. അതുകൊണ്ടാണ് മനുഷ്യാരംഭം മുതൽ ഈ കാര്യം തെര്യപ്പെടുത്താനായി അല്ലാഹു ദൂതൻമാരെ നിയോഗിച്ചുകൊണ്ടിരുന്നത്. അവരാണ് ദൈവ ദൂതൻമാർ അഥവാ പ്രവാചകൻമാർ.

### എന്തുകൊണ്ട് അല്ലാഹു മാത്രം?

'അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവനോടു മാത്രമേ പ്രാർഥിക്കാവൂ' എന്നു പറയുന്നത് എന്തുകൊണ്ടാണ്? പരമാണു മുതൽ സ്ഥൂല പ്രപഞ്ചം വരെ സൃഷ്ടിച്ച് പരിപാലിക്കുന്നയാൾക്ക് മാത്രമേ ആരാധന സ്വീകരിക്കുവാൻ അർഹതയുള്ളൂ. സൃഷ്ടികളുടെ ആവശ്യം മനസ്സിലാക്കി അതുനിറവേറ്റിക്കൊടുക്കാൻ കഴിവില്ലാത്ത ഒരു കേന്ദ്രത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് ബുദ്ധിശൂന്യതയല്ലേ?

ഭൂത വർത്തമാന ഭാവി വ്യത്യാസമില്ലാതെ സൃഷ്ടികളെപ്പറ്റി കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന ത്രികാലജ്ഞാനിയായവ മുന്നിൽ മാത്രമേ ആരാധനകൾ അർപ്പിക്കാവൂ. അത്തരം കേന്ദ്രം ഒന്നിലേറെ ഉണ്ടാവില്ല. അവന്ന് സൃഷ്ടികൾക്കുള്ള ദൗർബല്യങ്ങളും ന്യൂനതകളും ഉണ്ടായിക്കൂടാ. എല്ലാത്തരം ന്യൂനതകളിൽ നിന്നും മുക്തമായ ഒരുവൻ മാത്രമേ ദൈവമാവുകയുള്ളൂ. അതുകൊണ്ടാണ് സ്രഷ്ടാവായ അല്ലാഹുവല്ലാതെ ഒരു ദൈവമില്ല എന്നു പറയുവാനുള്ള കാരണം. ലോകത്തിന്റെ ഏതു ഭാഗത്തു നിന്ന് ഏതു പേരിൽ വിളിച്ചാലും വിളിച്ചവന്റെ മനസ്സറിഞ്ഞ് അതു സ്വീകരിക്കാൻ സൃഷ്ടികളിൽ ആർക്കും സാധ്യമല്ല.

വിശുദ്ധ ഖുർആൻ ഏകനായ ആരാധ്യനെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്."അല്ലാഹു. അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശിപാർശ നടത്താനാരുണ്ട്? അവരുടെ മുൻപിലുള്ളതും അവർക്കു പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ മറ്റൊന്നും അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊ



ള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമാണ്."(2:255)

ഈ വിശേഷണങ്ങൾ ഉൾക്കൊള്ളുന്ന സ്രഷ്ടാവ് ഏതെങ്കിലും ഒരു വിഭാഗത്തിന്റേതല്ലല്ലോ. എല്ലാ പ്രവാചകൻമാരും അതാതു കാലത്ത് തങ്ങളുടെ ജനതക്കു നൽകിയ സന്ദേശത്തിന്റെ സമ്പൂർണവും അന്തിമവുമായ രൂപമാണ് വിശുദ്ധ ഖുർആൻ. അത് ജനങ്ങൾക്കെത്തിച്ച മുഹമ്മദ് നബി(സ) അന്നാട്ടുകാർ അതുവരെ പ്രാർഥിച്ചിരുന്ന എല്ലാ ദൈവങ്ങളെയും കൈയൊഴിച്ച് മക്കക്കാരുടെ ആരാധ്യനിലേക്ക് ക്ഷണിക്കുകയല്ല ചെയ്തത്. മറിച്ച് അദ്ദേഹം അവരുടെ മുന്നിൽ ചിന്തോദ്ദീപകമായ ചില ചോദ്യങ്ങൾ ഉന്നയിച്ചു.

'ആരാണ് ആകാശ ഭൂമികൾ പടച്ചത്? ആരാണ് ഉപരിഭാഗത്തു നിന്ന് മഴ വർഷിപ്പിക്കുന്നത്? ആരാണ് നിങ്ങളെത്തന്നെ സൃഷ്ടിച്ചത് '? 'സർവജ്ഞനും പ്രതാപിയുമായ അല്ലാഹു' എന്നല്ലാതെ ഒരു മറുപടിയും അവർക്ക് പറയാനുണ്ടായിരുന്നില്ല. എങ്കിൽ അവനെ മാത്രമേ നിങ്ങൾ ആരാധിക്കാവൂ എന്നാണ് മുഹമ്മദ് നബി(സ) ആ സമൂഹത്തിന്റെ ധിഷണയോട് സംവദിച്ചത്.

### അഹങ്കാരത്തിലൂടെ നാസ്തികതയിലേക്ക്

സൃഷ്ടിച്ചവനെ മാത്രമേ ആരാധിക്കാവൂ എന്ന യുക്തിഭദ്രവും ലളിതവുമായ ആശയം സ്വീകരിക്കുന്നതിൽ എക്കാലവും മനുഷ്യൻ വീഴ്ച വരുത്തിയിട്ടുണ്ട്. അതാണ് ചരിത്രം. ഇതിൽ രണ്ടു തരക്കാരെ കാണാം. തന്നെക്കാൾ വലിയ ഒരു ശക്തിയുണ്ട് എന്ന് അംഗീകരിക്കാൻ അഹങ്കാരം അനുവദിക്കാത്ത ഭൗതിക വാദികളാണ് ഒരു വിഭാഗം. ഭൗതിക ലോകത്തി(Material world)നപ്പുറം ഒന്നുമില്ല എന്നു പറയുന്ന ഇവർ തങ്ങൾ യുക്തിവാദികളാണെന്നാണ് സ്വയം വിശേഷിപ്പിക്കാറുള്ളത്.

പ്രപഞ്ചം സ്വയംഭൂവാണെന്നും അനാദിയും അനന്തവുമാണെന്നും ആധുനിക കാലത്ത് യുക്തിവാദികൾ വാദിക്കുന്നു. എന്നാൽ ശാസ്ത്രലോകം തള്ളിക്കളഞ്ഞ ഒരു സിദ്ധാന്തമാണിത്. വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചം വികാസം ആരംഭിച്ച ഒരു ഘട്ടമുണ്ടായിരിക്കാതെ തരമില്ലെന്നും ശൂന്യതയിൽ നിന്ന് ഒരു വസ്തുവും താനെ ഉണ്ടാവില്ലെന്നും ശാസ്ത്രം സിദ്ധാന്തിക്കുന്നു. പുതിയ കണ്ടെത്തലുകൾക്കനുസരിച്ച് ശാസ്ത്ര നിഗമനങ്ങൾക്കു മാറ്റം വരിക സ്വാഭാവികമാണ്. പ്രപഞ്ചത്തിന്റെ സ്ഥാനത്ത് ഒരു അണു (ആറ്റം) മാത്രമാണുള്ളതെങ്കിലും അതിനു നിലനിൽപ്പു നൽകി നിലനിർത്തിപ്പോരുന്ന ഒരു സ്രഷ്ടാവ് കൂടിയേ കഴിയൂ. അവനാണ് അല്ലാഹു (ദൈവം) എന്നംഗീകരിക്കാൻ അഹന്ത അനുവദിക്കാത്തവർ അതു പ്രകൃതിയാണെന്നും ഇതെല്ലാം ഉണ്ടായത് യാദൃച്ഛികമാണെന്നും പറഞ്ഞ് രക്ഷപ്പെടുകയാണ് പതിവ്.

ഭൂമിയെ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ജീവിക്കുവാൻ പറ്റിയ നിലയിൽ പാകപ്പെടുത്തിയത്, ബുദ്ധിയില്ലാത്ത പ്രകൃതിയുടെ വികൃതിയല്ല. മറ്റു ഗോളങ്ങളിലൊന്നുമില്ലാത്ത വായുമണ്ഡലവും വെള്ളവും മറ്റു സൗകര്യങ്ങളും ഇവിടെ ആസൂത്രിതമായി ഒരുക്കിത്തന്നത് സർവശക്തനും സർവജ്ഞനും പരമ കാരുണികനുമായ അല്ലാഹുവാണ്. അവന്റെ എണ്ണമറ്റ ദൃഷ്ടാന്തങ്ങളിലൂടെ അവനെ മനസ്സിലാക്കി അവനോട് നന്ദി കാണിച്ച് അവനെ മാത്രം ആരാധിച്ച് സായൂജ്യമടയുകയും ആ വിശ്വാസമനുസരിച്ച് ജീവിതം നയിക്കുന്നതിലൂടെ ശാന്തമായ സാമൂഹികാവസ്ഥ കൈവരിക്കുകയും ചെയ്യുക എന്നതാണ് ശരിയായ യുക്തിവാദം.

പൗരാണിക കാലത്തു തന്നെ ഈ നാസ്തിക ചിന്താഗതി ഉണ്ടായിരുന്നു. 'തങ്ങൾ ജീവിക്കുന്നു, മരിക്കുന്നു. കാലമല്ലാതെ ഞങ്ങളെ നശിപ്പിക്കുകയില്ല' എന്നു പറഞ്ഞിരുന്ന

ആളുകളെപ്പറ്റി ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. (45:24). എന്നാൽ ഏതു കാലത്തും ഈ വാദഗതിയുള്ളവർ ഒരു ചെറിയ ന്യൂനപക്ഷം മാത്രമായിരുന്നു.

### നന്ദികേടിലൂടെ ശിർക്കിലേക്ക്

സൃഷ്ടികർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്ന, മനുഷ്യ പ്രകൃതിയോടടുത്ത, ബുദ്ധിക്കു യോജിക്കുന്ന ആശയം പിൻതുടരുന്നതിൽ വീഴ്ച വരുത്തിയ രണ്ടാമത്തെ വിഭാഗം ബഹുദൈവ വിശ്വാസികളാകുന്നു. ലോകത്ത് കഴിഞ്ഞു പോയതും നിലവിലുള്ളതുമായ സമൂഹങ്ങൾ ബഹുഭൂരിപക്ഷവും ദൈവ വിശ്വാസികളാണ്. അവരിലധികം പേരും ബഹുദൈവ വിശ്വാസികളും.

ജഗന്നിയന്താവായ സാക്ഷാൽ ദൈവത്തെ അറിയുകയും അംഗീകരിക്കുകയും അവനോട് പ്രാർഥിക്കുകയും ചെയ്യുന്നവർ തന്നെ ആരാധനയിലും പ്രാർഥനകളിലും മറ്റു പലരെയും ചേർക്കുന്നു. ഇത് തികഞ്ഞ നന്ദിയില്ലായ്മയും വിവരക്കേടുമാണ്. ആകാശവും ഭൂമിയും പടച്ചതിലോ സൂര്യ ചന്ദ്രാദികളെ സംവിധാനിച്ചതിലോ മനുഷ്യർക്ക് ജീവിത സൗകര്യം ഏർപ്പെടുത്തിയതിലോ അല്ലാഹുവിന് യാതൊരു പങ്കുകാരുമില്ല എന്ന്അംഗീകരിക്കുന്നവർ അവനോടു പ്രാർഥിക്കുന്നതോടൊപ്പം മറ്റുള്ളവരോടും പ്രാർഥിക്കുന്നു. അഥവാ ഒന്നിലേറെ ദൈവങ്ങളെ സ്വീകരിക്കുന്നു.

ഇങ്ങനെ അല്ലാഹുവിന്നു പുറമെ ആരാധിക്കപ്പെടുന്നതിൽ മലക്കുകളും മനുഷ്യനും പ്രവാചകരും മഹാൻമാരും എന്നു വേണ്ട മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും പിശാചുക്കളും എല്ലാമുണ്ട്. ഭൗതികമായി ഏറെ വിദ്യാഭ്യാസ യോഗ്യത നേടിയ ആളുകൾ പോലും ഈ ബുദ്ധിശൂന്യതയിൽ വിവരമില്ലാത്തവർക്കു തുല്യരായി കാണപ്പെടുന്നു.

സൃഷ്ടി - സ്ഥിതി - സംഹാരങ്ങൾക്ക് വേറെ വേറെ ദൈവങ്ങളെ സങ്കൽപ്പിച്ച് ത്രിമൂർത്തികളെ ആരാധിക്കുന്നവരും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നായി വിഭജിച്ച് ദൈവത്തിന്റെ ത്രിയേകത്വമെന്ന വൈരുദ്ധ്യത്തിൽ വിശ്വസിക്കുന്നവരും ബഹുദൈവാരാധകർ തന്നെ. മരിച്ചുപോയ മഹാൻമാരുടെ പേരിൽ വിഗ്രഹങ്ങൾ കൊത്തിയുണ്ടാക്കി അവയ്ക്കു മുന്നിൽ ഭജനമിരിക്കുന്നവരും മരിച്ചുപോയവരെ വിളിച്ചു തേടുന്നവരും ബഹുദൈവ വിശ്വാസികൾ തന്നെ.

ഇങ്ങനെ ആരെയൊക്കെ മനുഷ്യർ ആരാധിക്കുന്നുവോ അവരിലാരെങ്കിലും ഒരീച്ചയെപ്പോലും സൃഷ്ടിച്ചുവെന്നോ ആകാശ ഭൂമികളുടെയോ അവയെക്കാൾ താഴ്ന്ന തരത്തിലുള്ളതോ ആയ ഏതെങ്കിലും വസ്തുവിന്റെ സൃഷ്ടിപ്പിൽ ഇവർക്കാർക്കെങ്കിലും പങ്കുണ്ടെന്നോ പറയാൻ ഈ ആരാധിക്കുന്നവർപോലും സന്നദ്ധരല്ല. പിന്നെ എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ഏറ്റവും വലിയ നന്ദികേടാണ് അല്ലാഹുവിൽ പങ്ക് ചേർക്കുക എന്നത്. മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ തിൻമയും ഏറ്റവും വലിയ അനീതിയും ആരാധനയിൽ പങ്കു ചേർക്കുക എന്നതാണ്. ഇതാണ് പ്രവാചകൻമാർ അങ്ങേയറ്റം എതിർത്ത ശിർക്ക് എന്ന മഹാ പാപം.

ഏകദൈവ വിശ്വാസം കളങ്കപ്പെട്ടുപോയവർ പല തരക്കാരാണ്. അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ ശരിയായ വിധത്തിൽ മനസ്സിലാക്കാതെ മനുഷ്യഭാവനകൾക്കനുസരിച്ച് ദൈവ സങ്കൽപ്പങ്ങൾ മെനഞ്ഞ് ചിലർ ദൈവത്തെ മനുഷ്യനോളം താഴ്ത്തുന്നു. മനുഷ്യന്റെ ദൗർബല്യങ്ങൾ ദൈവത്തിലാരോപിച്ച് സ്രഷ്ടാവിന്റെ പ്രസ്തുത പദവിയെ കളങ്കപ്പെടുത്തുന്നു. വേറെ ചിലർ സൃഷ്ടകൾക്ക് ദൈവത്തിന്റെ കഴിവുകൾ ആരോപിച്ച് അവരെ വിളിച്ച് പ്രാർഥിക്കാനും ആരാധിക്കാനും ഒരുമ്പെടുന്നതിലൂടെ സൃഷ്ടികളെ ദൈവത്തോളം ഉയർത്തുന്നു.



സ്രഷ്ടാവിന്റെ നിസ്തുല സത്തയെ എല്ലാ സൃഷ്ടികളിലും ലയിച്ചുകിടക്കുന്ന ഒരു ശക്തിയായി സങ്കൽപ്പിച്ച ‘അദ്വൈത വാദ’വും യഥാർഥ ദൈവത്തെ മനസ്സിലാക്കാത്തതു മൂലം സംഭവിച്ച അബദ്ധമാണ്. യാതൊരു ഗുണവുമില്ലാത്ത ഒരു കേവല ശക്തി എന്നും ‘നിർഗുണപരമാത്മാ’വെന്നും പറഞ്ഞ് ദൈവത്തെ സങ്കൽപ്പിക്കുന്നവരുണ്ട്. അവർക്ക് ദൈവത്തെ അനുസരിക്കുകയോ ദൈവത്തെ പേടിക്കുകയോ വേണ്ടതില്ലല്ലോ. ഇതിനൊക്കെ പുറമെയാണ് ദൈവത്തിന്റെ ഗുണങ്ങൾ സ്വയം അവകാശപ്പെട്ട് ജനങ്ങളെ ചൂഷണം ചെയ്യുന്ന(cult) ആൾദൈവങ്ങൾ .

### യഥാർഥമായ തൗഹീദ്

മനുഷ്യനും പിശാചും അല്ലാഹുവിൽ ആരോപിച്ചിട്ടുള്ള എല്ലാ തെറ്റായ സങ്കൽപ്പങ്ങളും അവസാനത്തെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ തിരുത്തുകയും അവന്റെ ഗുണവിശേഷങ്ങളെ സുവ്യക്തമായി വിവരിക്കുകയും മനുഷ്യൻ ആരോപിക്കുന്ന എല്ലാ പോരായ്മകളിൽ നിന്നും അവനെ പരിശുദ്ധനാക്കുകയും ചെയ്യുന്നു. വളച്ചുകെട്ടലുകളോ സങ്കീർണതകളോ ഇല്ലാതെ സ്രഷ്ടാവായ ദൈവത്തെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നതു നോക്കൂ.

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുന്നവരാകുവാൻ വേണ്ടിയാണിത്.

നിങ്ങൾക്കുവേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കിത്തരികയും ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കാനുള്ള കായ്കനികൾ ഉത്പാദിപ്പിച്ചു തരികയും ചെയ്ത നാഥനെ (നിങ്ങൾ ആരാധിക്കുവിൻ). അതിനാൽ ഇതെല്ലാം അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്. (2:21, 22)

നിത്യ ജീവിതത്തിൽ മനുഷ്യൻ കണ്ടും കേട്ടും അനുഭവിച്ചുമറിയുന്ന അനേകം ഭൗതിക പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ടും ചിന്തിക്കാൻ ആഹ്വാനം നൽകിയും നൂറുക്കണക്കിന് ഖുർആൻ വചനങ്ങൾ സ്രഷ്ടാവിന്റെ മഹത്വവും, അവൻ മാത്രമേ ആരാധനക്കർഹനായുള്ളൂ എന്ന സത്യവും വെളിപ്പെടുത്തുന്നു. ഇതാണ് തൗഹീദ്.

ദൈവ സങ്കൽപ്പത്തിൽ തെറ്റുപറ്റിയ ജന സമൂഹങ്ങളെ ശരിയായ തൗഹീദിലേക്ക് നയിക്കുവാനാണ് പ്രവാചകൻമാർ വന്നത്. മുഹമ്മദ് നബിക്കു ശേഷം പ്രവാചകൻമാരില്ല. വിശ്വാസത്തിൽ തെറ്റു പറ്റിയ മനുഷ്യരെ നേർമാർഗത്തിലേക്ക് നയിക്കേണ്ടത് ഖുർആനിന്റെ അനുയായികളാണ്. അഥവാ മുസ്‌ലിംകളാണ്. ജനങ്ങളിലേക്ക് ഈ ദൗത്യം എത്തിക്കാൻ ബാധ്യസ്ഥരായ മുസ്‌ലിം സമൂഹത്തിലെ നല്ലൊരു വിഭാഗം ആളുകൾ തന്നെ, നിർഭാഗ്യവശാൽ, തൗഹീദ് മനസ്സിലാക്കാത്തവരാണ്. തൗഹീദിനു വിരുദ്ധമായി ലോകത്ത് എന്തൊക്കെ നടമാടുന്നുവോ അതൊക്കെ നേരിയ പേരു വ്യത്യാസത്തോടെ ‘മുസ്‌ലിംകളും’ കൊണ്ടു നടക്കുന്ന ഖേദകരമായ കാഴ്ചയാണ് എവിടെയും.

### മുസ്‌ലിം സമുദായത്തിന്റെ വീഴ്ച

ഇസ്‌ലാമിന്റെ അടിത്തറയായ ഏകദൈവ വിശ്വാസം (തൗഹീദ്) കൃത്യമായി മനസ്സിലാക്കുന്നതിൽ മുസ്‌ലിംകൾക്കു തന്നെ വീഴ്ചകൾ സംഭവിച്ചിരിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും ‘ലാ ഇലാഹ ഇല്ലല്ലാഹ്’ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന മുസ്‌ലിം

കൾ ചെയ്യുന്ന പല പ്രവർത്തനങ്ങളും തൗഹീദിനു വിരുദ്ധവും ബഹുദൈവാരാധന (ശിർക്ക്) യിൽ എത്തിച്ചേരുന്നവയുമാണ്.

മനുഷ്യരിൽ ചിലരെ അമിതമായി ഉയർത്തി ദൈവത്തോളമെത്തിക്കുന്ന പ്രവണതകൾ, ദൈവത്തിനു യോജിക്കാത്ത കാര്യങ്ങൾ അവനിൽ ആരോപിക്കൽ തുടങ്ങിയ അരുതായ്മകൾ മുസ്ലിംകളിൽ കണ്ടുവരുന്നു. പ്രപഞ്ചം നിയന്ത്രിക്കാൻ ഓരോ ‘ഖുതുബു’ കൾ (അച്ചുതണ്ട് എന്നു വാക്കർഥം) ഉണ്ടെന്നും ആ ഖുതുബുകളുടെ നേതാവായ ഖുതുബുൽ അഖ്താബ് ആണ് ശൈഖ് മുഹ്യിദ്ദീൻ എന്നുമുള്ള സങ്കൽപം ചില മുസ്ലിംകൾക്കുണ്ട്. ഈ ‘ അഷ്ടദിക്പാലക’ സങ്കൽപം ഇസ്ലാമിന്നന്യമാണ്. ഇത് കേവല സങ്കൽപമല്ല. ഈ അടിസ്ഥാനത്തിൽ അദ്ദേഹത്തെ വിളിച്ചു പ്രാർഥിക്കാനും ഇവർ മുതിരുന്നു.

‘ദൈവമല്ലാത്ത ഒന്നിനും അസ്തിത്വമില്ല’ എന്നു സിദ്ധാന്തിക്കുന്ന അദ്വൈതവാദികളുടെ മന്ത്രമായ ‘ലാ മൗജൂദ ഇല്ലല്ലാഹ്’ ആശയമായി കൊണ്ടു നടക്കുന്ന പ്രസ്ഥാനങ്ങൾ തന്നെ മുസ്ലിംകൾക്കിടയിൽ ഉണ്ടായി എന്നു വരുമ്പോൾ അപകടത്തിന്റെ ആഴം മനസ്സിലാക്കാമല്ലോ. ഹല്ലാജ്, ഇബ്നു അറബി പോലുള്ള അദ്വൈതവാദികളെ പുണ്യ പുരുഷൻമാരായി കാണുന്നവർ ഇന്നുമുണ്ട്. നല്ല മനുഷ്യരാണെന്നു കരുതപ്പെടുന്നവരുടെ പേരിലുണ്ടാക്കിയിട്ടുള്ള വിഗ്രഹങ്ങളെ പൂജിക്കുന്നവരാണ് ചരിത്രത്തിലും വർത്തമാനകാലത്തും അറിയപ്പെടുന്ന മതകീയ സമൂഹങ്ങളിലേറെയും. വിഗ്രഹാരാധന പാടെ നിരാകരിച്ച് ആരാധനയുടെ എല്ലാ വശങ്ങളും അല്ലാഹുവിലേക്കു മാത്രം തിരിക്കുക എന്ന തൗഹീദ് അടിസ്ഥാനമായി പ്രബോധനം ചെയ്തവരാണ് പ്രവാചകൻമാർ. എന്നാൽ ആ പ്രവാചകൻമാരുടെ പാരമ്പര്യം അവകാശപ്പെടുന്ന മുസ്ലിംകൾ മരിച്ചുപോയ മഹത്തുക്കളുടെ പേരിൽ വിഗ്രഹ പ്രതിഷ്ഠ നടത്തുന്നതിനു പകരം അവരുടെ മഖ്ബറകൾ ആരാധനാസ്ഥലവും തീർഥാടന കേന്ദ്രവുമാക്കി എന്നു മാത്രമല്ല ഖബ്റുകളെ ത്വവാഫ് ചെയ്യുകയും അവയ്ക്കു മുന്നിൽ സൂജൂദ് ചെയ്യുകയും ഖബ്റുകളിൽ അന്ത്യ വിശ്രമം കൊള്ളുന്ന മനുഷ്യരോട് പ്രാർഥിക്കുകയും ചെയ്യുന്നു! അത്തരം ‘ശൈഖ്’ മാരുടെ അപദാനങ്ങൾ വാഴ്ത്തുന്ന ‘ഗീത’ ങ്ങൾ ഭക്തിയോടെ പാരായണം നടത്തുകയും ചെയ്യുന്നു.

ഈ ഖബ്റാരാധന മുസ്ലിം സമൂഹത്തിനിടയിൽ വ്യാപകമായ കാലഘട്ടത്തിലാണ് തൗഹീദിന്റെ പ്രാധാന്യം ‘മുസ്ലിം’ കൾക്ക് മനസ്സിലാക്കി കൊടുക്കാൻ വിവിധ പ്രദേശങ്ങളിലായി മുസ്ലിം പണ്ഡിതൻമാർ മുതിർന്നത്. മൂടുറച്ചുപോയ അന്ധവിശ്വാസം കാരണം തൗഹീദ് ‘പുത്തൻ കാര്യ’ മായി സമൂഹത്തിനു തോന്നി. എങ്കിലും നിഷ്കാമകർമയോഗികളായ ആ മഹാരഥന്മാരുടെ നിസ്വാർഥ സേവനത്തിന്റെ ഫലമായുണ്ടായ നവോത്ഥാനത്തിൽ മുസ്ലിം ലോകം ഉണർന്നു. അടിസ്ഥാന വിശ്വാസം കൈയൊഴിച്ച കാരണത്താൽ പതിതരായി മാറിയ മുസ്ലിംകൾക്ക് നഷ്ടപ്പെട്ടുപോയ പ്രതാപം കൈവരിക്കാൻ കുറെയൊക്കെ നവോത്ഥാനത്തിനു കഴിഞ്ഞു.

ലോകത്തിന്റെ പല ഭാഗങ്ങളിലും ഉത്തരേന്ത്യയിലും നമ്മുടെ കേരളത്തിലും കഴിഞ്ഞ ഒരു നൂറ്റാണ്ട് കടന്നുപോയത് മുസ്ലിംകൾക്കിടയിലെ ‘ശിർക്കും തൗഹീദും’ തമ്മിലുള്ള സംഘട്ടനത്തിലൂടെയായിരുന്നു. ഇതിൽ തൗഹീദിനുണ്ടായ മേൽക്കൈ കാരണമാണ് സുഊദി അറേബ്യയിലും മറ്റു ചില മുസ്ലിം ഭരണ പ്രദേശങ്ങളിലും കാണുന്നത്. എല്ലാ മുസ്ലിം രാജ്യങ്ങളിലും ഈ നവോത്ഥാന പ്രവർത്തനങ്ങൾ അഭംഗുരം തുടരുന്നുണ്ടെങ്കിലും ഖബ്റാരാധനകൾ വ്യാപകമായി നടക്കുന്നു. ഇവിടെ കേരളത്തിൽ കഴിഞ്ഞ ദശാബ്ദങ്ങളിൽ മുസ്ലിം സമൂഹത്തിനുണ്ടായിട്ടുള്ള എല്ലാവിധ പുരോഗതികൾക്കും കാരണം തൗഹീദിലൂന്നിയ നവോത്ഥാനമായിരുന്നു എന്നത് ഇന്ന് ഒരു തർക്ക വിഷയമല്ല.



**അന്ധവിശ്വാസമുക്തമായ സമൂഹം**

അഭൗതികമായ മാർഗത്തിൽ ഭയപ്പെടേണ്ടതും പ്രതീക്ഷയർപ്പിക്കേണ്ടതും ജഗന്നിയന്താവായ അല്ലാഹുവിനെ മാത്രമാണ് എന്ന വിശ്വാസം ജീവിതത്തിന്റെ ചാലകമായിത്തീരുന്നതോടെ മനുഷ്യ മനസ്സ് അന്ധവിശ്വാസമുക്തമാകുന്നു. സകലമാന സാങ്കൽപിക ശക്തികളെയും പേടിക്കുന്ന മനസ്സിന് സ്വസ്ഥതയുണ്ടാവില്ല. ഏകദൈവ വിശ്വാസി (മുവഹിദ്) യാകട്ടെ സകലതും അല്ലാഹുവിൽ ഭരമേൽപ്പിച്ച് തന്റെ ബാധ്യതകൾ പൂർണമായി നിറവേറ്റുന്നു. വിജയം വരിച്ചാൽ ദൈവത്തിന്(ശുക്ർ) നന്ദിയർപ്പിക്കുന്നു. വിഷമമോ പരാജയമോ ബാധിച്ചാൽ ദൈവഹിതത്തിൽ (സ്വബ്ർ) സഹനമവലംബിക്കുന്നു. അവന്ന് ഏതു സാഹചര്യത്തിലും നിർഭയത്വവും മനസ്സമാധാനവും കൈവരുന്നു. യഥാർഥ ദൈവവിശ്വാസികളെ ഖുർആൻ പരിചയപ്പെടുത്തുന്നു. “വിശ്വസിക്കുകയും അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരാണവർ. ശ്രദ്ധിക്കുക, അല്ലാഹുവിനെപ്പറ്റിയുള്ള ഓർമകൊണ്ടേ മനസ്സുകൾ ശാന്തമാവൂ” (13 : 28)

ഈമാൻ (വിശ്വാസം) എന്നതിന്റെ ഒരു ഭാഗം തന്നെയാണ് അംന്(നിർഭയത്വം). ഇബ്റാഹീം (അ) നബി തന്റെ സമൂഹത്തിന്റെ മുന്നിൽ ഉന്നയിക്കുന്ന ഒരു ചോദ്യമുണ്ട്. സർവശക്തനായ ജഗന്നിയന്താവിൽ ഭരമേൽപ്പിച്ച് മുന്നേറുന്ന ഏകദൈവ വിശ്വാസികളോ, പലവിധ സാങ്കൽപിക ശക്തികളെ വിശ്വസിച്ച് സ്വാസ്ഥ്യം നഷ്ടപ്പെടുന്ന ബഹുദൈവ വിശ്വാസികളോ, ഏതു വിഭാഗമാണ് നിർഭയത്വത്തിന് ഏറ്റവും അർഹതപ്പെട്ടത്!

വിശ്വാസ നിരാസമോ അന്ധവിശ്വാസമോ ഇല്ലാതെ യഥാർഥ ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ ദൂതൻമാരായ പ്രവാചകൻമാർ മുഖേന അവൻ നൽകിയ വേദഗ്രന്ഥങ്ങൾ പ്രമാണമാക്കി ജീവിതം നയിക്കുകയും ചെയ്യുന്നവർക്കാണ് ഇഹലോകത്ത് ശാന്തിയും പരലോകത്ത് മോക്ഷവും ലഭിക്കുക. ഈ നിത്യസത്യം ജനങ്ങൾക്കിടയിൽ പൊതുവിലും മുസ്ലിംകൾക്കിടയിൽ പ്രത്യേകിച്ചും പ്രബോധനം ചെയ്ത് മുന്നേറുന്ന ഇസ്ലാഹീ പ്രസ്ഥാനം കേരളക്കരയിൽ ഇന്ന് അപരിചിതമല്ല. പ്രസ്ഥാനത്തെ അടുത്തറിയുവാനും ഏകദൈവ വിശ്വാസത്തിന്റെ മാധുര്യം നുകരുവാനും ആത്യന്തിക വിജയികളിൽ ഉൾപ്പെടുവാനും ശ്രമിക്കണമെന്ന് എല്ലാ സഹോദരങ്ങളോടും ഓർമപ്പെടുത്തട്ടെ. ഈ മഹത്തായ ലക്ഷ്യം മുൻനിർത്തി 2008 ഫെബ്രുവരി ഏഴു മുതൽ പത്തുവരെ വയനാട്ടിൽ പനമരത്ത് സംഘടിപ്പിക്കുന്ന ഏഴാമത് മുജാഹിദ് സമ്മേളനത്തിലേക്ക് സഹോദരങ്ങളേ, നിങ്ങൾക്ക് സ്വാഗതം.

**ISLAM FOR JUSTICE & GOODNESS**

**MUJAHID 7th STATE CONFERENCE WAYANAD**

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566